ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനായി 25.00 ലക്ഷം രൂപയുടെ പദ്ധതിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവും ശുദ്ധജല വിതരണവും

184 (3619) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് ഉപ്പുവെള്ളം കുടിക്കേണ്ടിവരുന്ന ദുരവസ്ഥയിൽ നിന്നും കാസർഗോഡിനെ മോചിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഉദ്ദേശ്യത്തോടെ എപ്പോഴാണ് തുടങ്ങിയത് ; ഇപ്പോൾ പ്രവൃത്തി തുടരുന്നുണ്ടോ ; എങ്കിൽ എപ്പോൾ പൂർത്തീകരിക്കും; ഇല്ലെങ്കിൽ പ്രവൃത്തി സ്തംഭനാവസ്ഥയിലാകാനുള്ള കാരണം മെന്താണ് ;

(സി) അടുത്ത വേനൽക്കാലത്ത് ശുദ്ധജലം ലഭിക്കുന്നത് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വേനൽക്കാലത്ത് നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ കാസർഗോഡ് ജില്ലയിൽ ബാവിക്കര റഗുലേറ്റർ, പാണ്ടിക്കണ്ടം ആർ.സി.ബി., നമ്പിയാർക്കൽ SWECB എന്നീ പ്രധാന പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി കാസർഗോഡ് ജില്ലയിലെ 407 ഹെക്ടർ സ്ഥലത്തെ കൃഷിക്കുവേണ്ടിയുള്ള ജലസേചനത്തിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമായിട്ടാണ് 2005-ൽ ആരംഭിച്ചത്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. സൈറ്റ് കണ്ടീഷനിലുണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകല്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായിരുന്നു. ഇപ്രകാരം അപ്രതീക്ഷിത സാങ്കേതിക കാരണങ്ങളാലാണ് പദ്ധതിയുടെ പ്രവൃത്തി പുരോഗതിയിൽ തടസ്സംനേരിട്ടത്. പുതുക്കിയ രൂപകല്പന പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 193/2015/ഡബ്ല്യു.ആർ.ഡി. തീയതി 18-3-2015 പ്രകാരം 12.83

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 25-6-2015-ൽ കൂടിയ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മേൽ സൂചിപ്പിച്ച പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടിവെള്ള പദ്ധതികൾ

185 (3620) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും സുലഭവും ശുദ്ധവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വ്യത്യസ്തമായ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണം

186 (3621) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടവിപുലീകരണ പ്രവൃത്തിയുടെ ഭാഗമായി നബാർഡ് സഹായത്താൽ 60 കോടി രൂപയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ ; മുൻപരിചയവും സാങ്കേതിക തികവുമുള്ള സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി പൂർത്തീകരണംവരെ നിയോഗിക്കുന്നതിനും അപാകതകൾ ഉണ്ടാകുന്നപക്ഷം അവ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly